സ്വകാര്യ പ്രചരണത്തിനു മാത്രം

മാർച്ച് 2012 വാല്യം 5 ലക്കം 2

ശ്രീ രാം ചന്ദ്ര മിഷൻ®

India ECHOES
ONE WORLD ONE HUMANITY





## മാസ്റ്റർ ചെന്നൈയിൽ

പുതുവത്സരാഘോഷങ്ങൾക്ക് ശേഷം ഗായത്രിയിലേക്ക് പോകാൻ മാസ്റ്റർ തീരുമാനിച്ചിരുന്നെങ്കിലും അനാരോഗ്യം കാരണം അദ്ദേഹം വിശ്രമിക്കുവാൻ തീരുമാനിച്ചു.

ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽനിന്നും വിദേശത്തുനിന്നും വന്ന അഭ്യാസികൾ വൈകുന്നേരം മാസ്റ്ററെ കാണാൻ കാത്തുനിൽക്കുന്നുണ്ടായിരുന്നു. പുറത്തേക്ക് വന്ന മാസ്റ്റർ അവരോട് ഇങ്ങനെ പറഞ്ഞു: "എന്നെ കാണാൻ ഇത്രയും നേരം കാത്തുനിൽക്കാൻ നിങ്ങൾ കാണിച്ച ക്ഷമ കാണുമ്പോൾ എനിക്ക് സന്തോഷം തോന്നുന്നു." കോട്ടേജിന്റെ ഇടനാഴിയിൽ അവരോടൊപ്പം അദ്ദേഹം വിലപ്പെട്ട കുറച്ച് നിമിഷങ്ങൾ ചെലവഴിച്ചു. അവിടെ ജർമനി, ഫ്രാൻസ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള അഭ്യാസികൾ സന്നിഹിതരായിരുന്നതിനാൽ മാസ്റ്റർ തമാശരൂപേണ ഇങ്ങനെ പറഞ്ഞു: "ജർമനി ഏതോ ഒന്നിന് പ്രശസ്തമാണ്, ഫ്രാൻസ് ബ്രഡ്ഡിനും ഇറ്റലി കാപ്പിക്കും പ്രശസ്തമാണ്, അത്പോലെ ഇന്ത്യ പുകഴ്പെറ്റത് ആത്മീയതയ്ക്കാണ്.

ജനുവരി നാലിന് മാസ്റ്റർ ധ്യാനമന്ദിരത്തിൽ വച്ച് സത്സംഗം നടത്തി. പൗത്രനായ ഭാർഗ്ഗവ് പിറ്റേ ദിവസം ലണ്ടനിലേക്ക് പോകുന്നതിനാൽ, യാത്രയയക്കുവാൻ മാസ്റ്റർ രാവിലെ 4 മണിക്ക് എഴുന്നേറ്റു. പിന്നീട് അദ്ദേഹം പുറത്ത് വന്നിരിക്കുകയും അഞ്ചരയോടെ കാപ്പി കുടിക്കുകയും ചെയ്തു.

ഏഴാം തീയ്യതി മാധ്യമസംഘത്തിന്റെ പരിശീലനക്കളരിയിൽ സംബന്ധിച്ച് അന്നത്തെ വിഷയമായ 'സാഹോദര്യ'ത്തെക്കുറിച്ച് മാസ്റ്റർ പ്രഭാഷണം നടത്തി. കേൾവിക്കാരോട് ഇങ്ങനെ ചോദിച്ചുകൊണ്ടാണ് അദ്ദേഹം പ്രഭാഷണം തുടങ്ങിയത്: "നിങ്ങളെല്ലാവരും ശരിയ്ക്കും അഭ്യാസികളാണോ? നിങ്ങൾ ശരിയ്ക്കും അഭ്യാസികളാണെങ്കിൽ സാഹോദര്യത്തെക്കുറിച്ചൊരു ശിൽപശാലയുടെയാവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല." സഹിഷ്ണുതയോടെ ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ കഴിവില്ലാത്ത വ്യക്തികളിൽനിന്നുടലെടുക്കുന്നതാണ് കലഹവും അനൈക്യവും ഗ്രൂപ്പിസവുമെന്നും അദ്ദേഹം നിരീക്ഷിച്ചു. അഭ്യാസികളുൾപ്പെടെ, എല്ലാം തൂത്തെറിഞ്ഞ് വീട്ടിലൊതുങ്ങുന്നത്ര അഭ്യാസികളുമായി ബാബുജിമഹാരാജിന്റെ കാലത്തിലേക്ക് മടങ്ങിപ്പോകുക, എന്നിട്ടവരെ ശരിയായരീതിയിൽ കൈകാര്യം ചെയ്യാൻ ശ്രമിക്കുക എന്നിവയ്ക്കായിരിക്കും താൻ മുൻതൂക്കം കൊടുക്കുകയെന്ന് അദ്ദേഹം പറഞ്ഞു. എന്നിട്ടദ്ദേഹം ഇങ്ങനെ പറഞ്ഞു: "മറ്റുള്ളവരുടെ മികവിനെ അംഗീകരിക്കാൻ പറ്റാത്ത തരത്തിൽ മികച്ചുനിൽക്കുന്ന നിങ്ങളുടെ ബുദ്ധിയിൽ നിങ്ങളെല്ലാവരും അൽപം വിവേകം നിറക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു". സാഹോദര്യത്തെക്കുറിച്ച് പ്രസംഗിക്കാതെ പ്രവൃത്തിയിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെ അദ്ദേഹം ഊന്നിപ്പറഞ്ഞു.

### 2012 ജനുവരി 8, ഞായർ

സത്സംഗത്തിനുശേഷം മാസ്റ്റർ കോട്ടേജിൽ തിരിച്ചെത്തി. കുറച്ച്കഴിഞ്ഞ് റഷ്യൻഭാഷാപഠനത്തിനായി തന്റെ ഓഫീസ്സിലേക്ക് പോകുമ്പോൾ തന്നെക്കാണാൻ കാത്തുനിൽക്കുന്ന അഭ്യാസികളെക്കണ്ടു. തമാശരൂപേണ അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഇന്ന് രാവിലെ നിങ്ങൾക്കെല്ലാവർക്കും അതിമനോഹരമായ ഒരു സത്സംഗം ലഭിച്ചു. എന്നിൽനിന്നും കൂടുതലൊന്നും ഇനി പ്രതീക്ഷിക്കരുത്".

റഷ്യൻപഠനത്തിനുശേഷം അദ്ദേഹം തന്റെ ഓഫീസ്സിൽ വെച്ച് ഒരു സംഘം അഭ്യാസികളോട് സംസാരിച്ചു. ഭാഷകളെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു, "പുതിയ ഒരു ഭാഷ പഠിക്കാൻ തുടക്കത്തിൽ മാത്രമേ വിഷമം കാണുകയുള്ളൂ, പ്രത്യേകിച്ച് ആദ്യത്തെ കുറച്ച് ഭാഷകൾ. ഏതാനും ഭാഷകളുടെ പഠനപ്രക്രിയയിലൂടെ കടന്ന്പോയാൽ, കൂടുതൽ ഭാഷകൾ നിങ്ങൾക്ക് എളുപ്പത്തിൽ പഠിച്ചെടുക്കാം". പിന്നീടദ്ദേഹം പറഞ്ഞു,"സുഖത്തിന് നിങ്ങൾ വിചാരിക്കുന്നതിലേറെ വില കൊടുക്കേണ്ടതുണ്ട്". "എനിക്കറിയാൻ കഴിയാത്ത എല്ലാത്തിനോടും ഞാൻ സന്തുഷ്ടനാണ്".

### 2012 ജനുവരി 10, ചൊവ്വ

ഫ്രാൻസിൽ നിന്നും വെനുസ്വേലയിൽ നിന്നും വന്ന ഏകദേശം 40 അഭ്യാസികൾ ഹാളിൽ സന്നിഹിതരായിരുന്നു. അവിടേയ്ക്ക് വന്ന മാസ്റ്റർ അവരെ അഭിവാദ്യം ചെയ്തു. അവരോട് മാസ്റ്റർ ചോദിച്ചു, "പുതിയ അഭ്യാസികൾ ആരെങ്കിലുമുണ്ടോ?", അപ്പോൾ ഏതാനും അഭ്യാസികൾ കൈകളുയർത്തി. ഒരഭ്യാസി ഇങ്ങനെ ചോദിച്ചു, "മാസ്റ്റർ, ഞാൻ അഞ്ചു വർഷമായി അഭ്യാസിയാണ്, ഞാനൊരു 'പുതിയ' അഭ്യാസിയാണോ?" അതിനുമറുപടിയായി മാസ്റ്റർ ഇങ്ങനെ പറഞ്ഞു, "അല്ല, നിങ്ങൾ ഒരു നല്ല അഭ്യാസിയാണ്!". അപ്പോൾ എല്ലാവരും പൊട്ടിച്ചിരിച്ചു. മാസ്റ്റർ പറഞ്ഞു, ഞാൻ അമ്പത്വർഷമായി അഭ്യാസിയാണ് എന്നിട്ടും എനിക്ക് ചോദ്യങ്ങൾ ചോദിക്കുവാനുണ്ട്. എന്നാൽ ശാസ്ത്രത്തിന്റെ സാമ്പ്രദായിക വിജ്ഞാനം പഠിക്കുന്നതുപോലെയല്ല, ആത്മീയജ്ഞാനം സ്വായത്തമാക്കേണ്ടത്. അത് സ്വീകരിക്കേണ്ടതാണ്. ബാബുജി ജ്ഞാനത്തിന്റെ ഒരു വലിയ സംഭരണിയാണ് പക്ഷെ അത് സ്വീകരിക്കുവാനാരുമില്ലാതെ പോകുന്നു.തന്റെ കൈകളിലുള്ളതത്രയും



അഭ്യാസികൾക്കായി നൽകുവാനാഗ്രഹിച്ച് എന്നാൽ അത് സ്വീകരിക്കുവാൻ പാകത്തിനാരേയും കാണുവാനാകാതെ വിഷമിച്ച് നിറകണ്ണുകളുമായി നിന്ന ബാബുജി മഹരാജിനെ അദ്ദേഹം ഓർമ്മിച്ചു. ബാബുജിക്കത് പിന്നീട് അന്തരീക്ഷത്തിലേക്ക് വിക്ഷേപിക്കേണ്ടിവന്നു.

നന്ദിക്കും കൃതജ്ഞതക്കും തമ്മിൽ വ്യത്യാസമുണ്ടോ എന്ന ചോദ്യത്തിന് മാസ്റ്റർ "അവ തമ്മിൽ വലിയ അന്തരമുണ്ട്. കൃതജ്ഞത ഹൃദയത്തിൽ നിന്നും വരുന്നതാണ് എന്നാൽ നന്ദി മനസ്സിൽ നിന്നാണ് വരുന്നത്" എന്നു പറഞ്ഞു.

## ബുധനാഴ്ച്ച, ജനുവരി 11, 2012

രാവിലെ സത്സംഗം നടത്തിയതിനു ശേഷം മാസ്റ്റർ പത്ത് വിവാഹങ്ങൾക്ക് കാർമികത്വം വഹിച്ചു. ഉച്ചക്ക് അദ്ദേഹം ഇൻറർനെറ്റിലൂടെ ജമ്മുവിലെ പുതിയ ആശ്രമത്തിൻെറ തത്സമയ വിഡിയോ ദൃശ്യങ്ങൾ കണ്ടു. പരിപാടിക്ക് ശേഷം അദ്ദേഹം അവിടെ മുഴുവനും നടന്നു കണ്ടതായി തനിക്കനുഭവപ്പെട്ടുവെന്നും അതിൻെറ ഉദ്ഘാടനം നടന്നതായി കരുതി അഭ്യാസികൾക്ക് ധ്യാനമന്ദിരം ഉപയോഗിച്ചു തുടങ്ങാമെന്നും അവരോട് നിർദ്ദേശിച്ചു.

ജനുവരി 12നു ഗായത്രിയിലേക്ക് പോയ മാസ്റ്റർ 14നു കാലത്ത് 9 മണിയോടെ തിരിച്ചെത്തി.

## ഞായറാഴ്ച്ച, ജനുവരി 15 2012

ഒമേഗ വിദ്യാലയത്തിലെ 12-ാം ക്ലാസിലെ വിദ്യാർത്ഥികളെമാസ്റ്റർ ഞായറാഴ്ച്ചയിലെ ബ്രഞ്ചിന് ക്ഷണിച്ചിരുന്നു. ബ്രഞ്ചിനുശേഷം മാസ്റ്റർ പുറത്ത് വെയിലത്ത് വന്നിരുന്നു. കുട്ടികളോട് മാത്രം മുൻപിൽ വന്നിരിക്കുവാൻ ആവശ്യപ്പെട്ട അദ്ദേഹം അവരോട് ധാരാളം സമയം സംസാരിച്ചിരുന്നു. ഒരുവൻ വിജയത്തിനായി മാത്രം എപ്പോഴും നോക്കിയിരിക്കരുതെന്നും എന്നാൽ തോൽക്കുവാനും പാടില്ലെന്നും അദ്ദേഹം അവരോട് പറഞ്ഞു. വിദ്യാലയത്തിലെ വിദ്യാഭ്യാസവും, വീട്ടിലും വിദ്യാലയത്തിലുമായി പഠിപ്പിക്കുന്ന ധർമ്മവും സദാചാരവും, ഒരു നദിയുടെ രണ്ട് തീരങ്ങൾ പോലെയാണെന്നും അവ ഇല്ലെങ്കിൽ നദിക്ക് നിലനിൽപ്പില്ലെന്നും അദ്ദേഹം പറഞ്ഞു. നദിയുടെ മദ്ധ്യഭാഗത്താണ് കൂടുതൽ ഒഴുക്കുള്ളതെന്ന് മനസ്സിലാക്കണം. നമ്മളും അതു പോലെ മദ്ധ്യഭാഗത്തായി, ഇരു വശങ്ങളെയും സമദൂരത്തിലാക്കി വേഗത്തിൽ മുന്നോട്ട് നീങ്ങണമെന്നും അദ്ദേഹം പറഞ്ഞു.

ജനുവരി 17 മുതൽ 22 വരെ റഷ്യയിൽ നിന്നും പഴയ സോവിയറ്റ്



അംഗരാജ്യങ്ങളിൽനിന്നും വന്ന റഷ്യൻ ഭാഷ സംസാരിക്കുന്ന അഭ്യാസികളുടെ സെമിനാറിനോടനുബന്ധിച്ച് മാസ്റ്റർ തിരക്കിലായിരുന്നു. സിറ്റിങ്ങുകളും അനൗപചാരിക സംഭാഷണങ്ങളുമൊക്കെയായി അവരോടൊത്ത് മാസ്റ്റർ സമയം ചിലവിട്ടു. അഞ്ഞൂറോളം വരുന്ന അവരുടെ അംഗസംഖ്യ അദ്ദേഹത്തെ സന്തോഷിപ്പിച്ചു. അവരെ അദ്ദേഹം തൻെറ കോട്ടേജിൽ അത്താഴം നൽകി സൽകരിക്കുകയും, അവരിൽ ചിലരെ പ്രിഫെക്റ്റുകളാക്കുകയും അവർക്കായി സഹോ.ചക്രപാണി, കമലേഷ് പട്ടേൽ, പി.അർ.കൃഷ്ണ നൽകിയ സംഭാഷണങ്ങൾ തൻെറ കോട്ടേജിലെ ടെലിവിഷനിൽ കാണുകയും ചെയ്തു.

സെമിനാറിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തുകൊണ്ട് മാസ്റ്റർ 17-നും 22-നും സംസാരിച്ചു. തൻെറ പ്രഭാഷണങ്ങളിൽ മാസ്റ്റർ പറഞ്ഞതിൽ ചിലത്:

### സ്വഭാവം

ആദ്ധ്യാത്മിക ജീവിതത്തിൻെറ പരമപ്രധാനമായ ഘടകമാണിത്. ആഗ്രഹങ്ങളൊന്നും പുറമേയുള്ള വസ്തുക്കളിലല്ല നമ്മുടെ ഉള്ളിൽതന്നെയാണ്. ആഗ്രഹങ്ങൾ എപ്പോഴും അന്തർലീനമായിരിക്കുമെന്നും ബാഹ്യസാഹചര്യങ്ങൾ ഒത്തു വരുന്ന തക്ക സമയത്ത് അവ പ്രകടമായി വരുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നമ്മുടെ ഉള്ളിൽ നിന്നുംതന്നെ ഈ ആഗ്രഹങ്ങളേയും പ്രലോഭനങ്ങളേയും ശുദ്ധീകരിച്ച് പുറത്തേക്ക് കളയുകയാണ് ഉചിതമായ രീതി, അതാണ് സഹജമാർഗ്ഗത്തിൻെറ തനതായ പരിഹാരമാർഗ്ഗം.

### ആഗ്രഹങ്ങളും ആവശ്യങ്ങളും

നമ്മുടെ ജീവിതം ശരിയായി ആചരിക്കുവാൻ നാം പഠിക്കണം, ആഗ്രഹങ്ങളും ആവശ്യങ്ങളും തിരിച്ചറിയുവാനുള്ള കഴിവും വികസിപ്പിച്ചെടുക്കണം. എല്ലാ ആവശ്യങ്ങളും അടിസ്ഥാനവും ഭക്ഷണം, താമസം, വസ്ത്രം എന്നിവയെ പോലെ അത്യന്താപേക്ഷിതവുമാണ്, അവയെല്ലാം തന്നെ ലഭ്യമാക്കപ്പെടുകയും ചെയ്യും. എന്നാൽ ആഗ്രഹങ്ങൾ നിറവേറ്റപ്പെടുകയില്ല. ബാബുജിയുടെ "സരളവും പ്രകൃതിക്കനുയോജ്യവുമായി ജീവിക്കുക" എന്ന സന്ദേശത്തെ അദ്ദേഹം പരാമർശിച്ചു.





## മാസ്റ്റർ ത്രിശ്ശിനാപ്പള്ളിയിൽ

മാസ്റ്റർ ജനുവരി 23നു തിങ്കളാഴ്ച്ചയാണ് ട്രിച്ചിയിലേയ്ക്ക് വിമാനമാർഗം പോയത്. വ്യക്തിപരമായ ഒരു സന്ദർശനമായിരുന്നു അത്. ധാരാളമഭ്യാസികൾ എത്തിയിട്ടുണ്ടെന്ന് മാസ്റ്റർ സൂചിപ്പിച്ചപ്പോൾ, "അവർക്കെല്ലാം മാസ്റ്റർ അനുവാദം നൽകിയതാണല്ലോ" എന്ന് ഒരഭ്യാസി പ്രതികരിച്ചു. "പകുതി നാട്ടുകാരെ മാത്രമെ ക്ഷണിച്ചുള്ളുവെങ്കിലും മറുപകുതിയും പുറപ്പെട്ടുകഴിഞ്ഞുവല്ലൊ" എന്ന് 'ലോർഡ് ഓഫ് ദ റിങ്ങ്സ്' എന്ന സിനിമയിൽ ഫ്രോഡോ ഗൻഡാൽഫിനോടു പറയുന്ന സംഭാഷണം മാസ്റ്റർ അനുസ്മരിച്ചത് എല്ലാവരിലും ചിരിയുണർത്തി

വിദേശികളായ നൂറ്റിനാൽപത്തിരണ്ടോളം അഭ്യാസികൾ മാസ്റ്ററെ അനുഗമിച്ചു. റഷ്യയിൽ നിന്നുമുള്ള 60 പേർ റോഡുമാർഗമാണ് എത്തിയത്. 24നു കരിമ്പിൻ പാടത്തെ നറുമണവും കിളിനാദവുമുള്ള പ്രഭാതത്തിന്റെ പ്രകൃതി സൗന്ദര്യമാസ്വദിച്ചുകൊണ്ട് അദ്ദേഹം വിശ്രമിച്ചു. സാന്ദ്രമായ ഈ അന്തരീക്ഷത്തിൽ നിറഞ്ഞുനിന്ന അനുഗ്രഹത്തിന്റെ അനുഭവം എല്ലാവരെയും പുളകമണിയിച്ചു. "ആരും പണം കൊടുക്കുകയും വാങ്ങുകയും ഇല്ലെന്നു പ്രതിജ്ഞയെടുത്താൽ അഴിമതിയ്ക്ക് സാധ്യതയില്ലെ"ന്നു അദ്ദേഹം സംസാരത്തിനിടയിൽ പറഞ്ഞു.

25നു പ്രഭാതത്തിൽ മാസ്റ്റർ സത്സംഗം നടത്തി. സത്സംഗത്തിനു ശേഷം ഒത്തുകൂടിയ ഒരിടവേളയിൽ അദ്ദേഹമിങ്ങനെ പറഞ്ഞു:



"കുട്ടികളെപ്രത്യേകം ശ്രദ്ധിക്കണം. കുട്ടികളേയും സ്ത്രീകളേയും ശ്രദ്ധിക്കാത്ത സമൂഹത്തിനു പുരോഗതിയുണ്ടാവില്ല".

26നു ജാനകി ഫാമിൽ ഉണ്ടായിരുന്ന എല്ലാ അഭ്യാസികൾക്കും മാസ്റ്റർ അത്താഴം നൽകി. ഇരുപത്തേഴാം തിയ്യതി രാവിലെ സൂര്യപ്രഭയിലിരുന്ന വേളയിൽ പറഞ്ഞ കാര്യങ്ങൾ ഇപ്രകാരമായിരുന്നു:

❖ബാബുജിയുടെ ഇടതു കണ്ണ് ഇടുങ്ങിയ പോലെ തോന്നുമായിരുന്നു. കണ്ണുപരിശോധനയ്ക്ക് പോകാമെന്നു ഞാനപേക്ഷിച്ചപ്പോൾ അദ്ദേഹം "ഞാൻ ആ കണ്ണ് ഹൃദയത്തിനു വേണ്ടിയും മറുകണ്ണ് പുറം ലോകത്തിനും വേണ്ടിയുമാണ് സൂക്ഷിക്കുന്നത്" എന്നാണ് പറഞ്ഞത്.

❖വേദന നമ്മെ ഉണർത്തുന്നു, എന്നാൽ സുഖഭോഗം അങ്ങിനെയല്ല.

❖പണ്ടു കാലങ്ങളിൽ നന്നായി ട്യൂൺ ചെയ്താൽ മാത്രം ബിബിസി കിട്ടിയിരുന്ന വാൾവ് റേഡിയൊ ആയിരുന്നു ഉപയോഗിച്ചിരുന്നത്. അത്തരത്തിലുള്ള ട്യൂണിംഗ് ആവണം നിങ്ങൾ ഹൃദയത്തിനു വേണ്ടിയും സ്വീകരിക്കുന്നത്.

ഇരുപത്തെട്ടാം തിയ്യതി ജാനകി ഫാമിൽ സഹോ.ഗണേഷും സഹോ.കുമരേഷും അവതരിപ്പിച്ച വയലിൻ കച്ചേരി മാസ്റ്റർ നന്നായാസ്വദിച്ചു. പുതുതായി ജനിച്ച രണ്ടു പൈക്കിടാങ്ങൾക്ക് 'പദ്മ' എന്നും 'മരുദം' എന്നും അദ്ദേഹം നാമകരണം ചെയ്തു. 29നു രണ്ടു വിവാഹങ്ങൾ അദ്ദേഹം നടത്തി. അടുത്തദിവസം അദ്ദേഹം തഞ്ചാവൂരിലേയ്ക്ക് പോകാനിരുന്നതായിരുന്നു. എന്നാൽ അനാരോഗ്യം കാരണം സഹോ. കമലേഷ് ആണ് മാസ്റ്റർക്ക് പകരം വിദേശ അഭ്യാസികളുമൊന്നിച്ച് തഞ്ചാവൂരിലെത്തിയത്. രണ്ടു സത്സംഗങ്ങൾ നടത്തിയ അദ്ദേഹം ആശ്രമഭൂമിയും റെസിഡെൻഷ്യൽ കോളനിയ്ക്കായുള്ള ഭൂമിയും നടന്നുകണ്ടു.

## 2012 ഫെബ്രുവരി 2, വ്യാഴാഴ്ച്ച

പൂജ്യ ലാലാജിയുടെ ജന്മദിനാഘോഷങ്ങളിൽ രണ്ടായിരത്തോളം അഭ്യാസികൾ ആണ് പങ്കെടുത്തത്. അതുകഴിഞ്ഞ് മാസ്റ്റർ ആറാം തിയ്യതി ചെന്നൈയിലേയ്ക്ക് തിരിച്ചു.

## തിരിച്ച് ചെന്നൈയിൽ

മാസ്റ്റർ ഫെബ്രുവരി ആറാം തിയ്യതി ചെന്നൈയിൽ തിരിച്ചെത്തി. അഭ്യാസികളുമായി സംസാരിക്കുന്നതിനിടയിൽ, നിയതി നമ്മുടെ ജീവിതത്തെ സ്വാധീനിയ്ക്കുന്നതെങ്ങിനെയെന്നതിനെക്കുറിച്ച് ഒമർ ഖയാമിന്റെ വരികളിലൂടെ അനുസ്മരിച്ചു.

"ഇതു രാപ്പകലുകളുടെ കളിപ്പലകയാണ്, മനുഷ്യൻ വിധിയുടെ കരുക്കളായി അങ്ങുമിങ്ങും നീങ്ങുന്നു, ഇണചേർന്നും വധിച്ചും,



ഓരോന്നായി തിരിച്ചുപോകുന്നു."

നമ്മൾ ലക്ഷ്യം വെക്കുന്ന കാര്യങ്ങൾ ലക്ഷ്യത്തിലേയ്ക്ക് അടുക്കുമ്പോൾ വിധി അതിന്റെ വഴിയ്ക്ക് നീങ്ങുന്നു എന്നദ്ദേഹം ഈ വരികളിലൂടെ കാണിച്ചുതരുന്നു.

ആഴത്തിലുള്ള സിറ്റിംഗ് കഴിഞ്ഞ ഉടനെ എഴുന്നേൽക്കാനും ജോലിക്ക് പോകാനും വലിയ ബുദ്ധിമുട്ടാണ് എന്നകാര്യം മാസ്റ്റർ ബാബുജിയോട് പറഞ്ഞപ്പോൾ ബാബുജിയുടെ പ്രതികരണം ഇങ്ങിനെ ആയിരുന്നു: "കർമ്മം എന്നത് ശരീരത്തിന്റെ ധർമ്മവും; അകർമ്മം എന്നത് ആത്മാവിന്റെ ധർമ്മവും.". ഒരു വ്യക്തിയിൽ ആത്മാവ് പ്രബലമാവുന്നതിനനുസരിച്ച് അകർമ്മത്തോടുള്ള ആഭിമുഖ്യവും വളരുന്നു എന്നദ്ദേഹം കൂട്ടിച്ചേർത്തു. 'സഹജ സമാധി' എന്ന അവസ്ഥയോട് അദ്ദേഹം ഇതിനെ തുലനം ചെയ്തു. ബോധമുണ്ടെങ്കിലും അകർമ്മത്തിൽ ആമഗ്നനായിരിയ്ക്കുന്ന അവസ്ഥയാണത്. പിന്നീടദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഉറങ്ങാൻ എനിക്കിപ്പോൾ ഇഷ്ടം തോന്നുന്നു. എന്നാൽ ഇച്ഛാശക്തി പ്രയോഗിച്ച് ചില ജോലികൾ ചെയ്യാൻ പോവുകയാണ്".


എക്കോസ് ഇന്ത്യ വാർത്താപത്രിക



## ബുധൻ, ഫിബ്രവരി 8, 2012

മാലാഖമാരും ചെകുത്താന്മാരും എന്ന പുസ്തകത്തിന്റെ പേരിനെപ്പറ്റി മാസ്റ്റർ തമാശയായി സൂചിപ്പിച്ചപ്പോൾ സൃഷ്ടിയിൽ രണ്ടും ആവശ്യമാണെന്ന് മാസ്റ്റർ പറഞ്ഞു. പിന്നീട് അദ്ദേഹം ഭഗവാൻ ശിവനെപ്പറ്റിയും എങ്ങനെയാണ് ഭഗവാൻ കൈലാസപർവ്വതത്തിൽ മഞ്ഞുകട്ടയുടെ മുകളിൽ ഇരിക്കുന്നതെന്നും ഭഗവാന്റെ ശ്രോതാക്കളായി ഋഷിമാർ, മുനിമാർ, ദേവന്മാർ, അസുരന്മാർ, ചെകുത്താന്മാർ എന്നിവരുണ്ടെന്നും പറഞ്ഞു. സമസ്ത സൃഷ്ടികളും ശിവനൃത്തം കാണാൻ ഹാജരാകുന്നു. ഭഗവാൻ വിഷ്ണുവിനെപ്പറ്റിയുള്ള ചോദ്യത്തിന് മാസ്റ്റർ പറഞ്ഞത് ദയയുടെയും സഹാനുഭൂതിയുടെയും അടയാളമായ വിഷ്ണുഭഗവാന് ഇത്ര ശ്രോതാക്കളുണ്ടായിരുന്നില്ല എന്നാണ്.


മാസ്റ്റർ ഗായത്രിയിൽ ഒരാഴ്ച ഉണ്ടായിരുന്നു. പിന്നീട് ഫിബ്രവരി 18ന് മണപ്പാക്കത്തേക്ക് മടങ്ങി.




"അതുകൊണ്ട് മനസ്സിനെ നിയന്ത്രിച്ച് ഇന്ദ്രിയപ്രവർത്തനങ്ങളിൽ മിതശീലം വീണ്ടെടുത്ത് ആത്മാവിനു ലഘുത്വം വരുത്തുന്നതാണു ശരിയായ ആത്മീയസാധന. അപ്പോഴേ ആന്തരിക ശാന്തിയും സമാധാനവും നിശ്ചിതമാക്കാനും പുരോഗതി കൈവരിക്കാനും ആകൂ."

ബാബുജി മഹാരാജ്
സത്യോദയം, പേജ് 62


# പുതിയ പ്രകാശനങ്ങൾ





ഹൃദയവാണി 2006
മലയാളം





ഹാർട്സ്പീക്ക് 2009
ഇംഗ്ലീഷ്



ട്രൂത്ത് എറ്റേണൽ
തെലുഗു





വാട്ട് ഈസ് സഹജ് മാർഗ്
ഇംഗ്ലിഷ്




### എറ്റേണൽ മെമ്മറീസ് വോളിയം-1

പാശ്ചാത്യ അഭ്യാസികൾ എടുത്ത പൂജ്യ ബാബുജി മഹാരാജിന്റെ വിലമതിക്കാനാവാത്ത ചെറു ക്ലിപ്പിങ്ങുകളുടെ ശേഖരമാണിത്. ഷാജഹാൻപൂർ ജീവിതവും ബസന്ത് ഉത്സവവും അടക്കമുള്ള സംഭവങ്ങളും 1982-ൽ ഡൽഹിയിൽ വെച്ചു നടന്ന ബാബുജിയുടെ ജന്മദിനാഘോഷങ്ങളുടെയും അദ്ദേഹത്തിന്റെ യൂറോപ്യൻ പര്യടനത്തിന്റെ ഹ്രസ്വ വീക്ഷണങ്ങളും അടങ്ങിയതാണിത്.




### ഹാർട്ട് സ്പീക്ക് 2009

ഇത് പൂജ്യ മാസ്റ്റർ 2009-ൽ നടത്തിയ പ്രഭാഷണ ശേഖരങ്ങളുടെ ഓഡിയോ സിഡിയാണ്. 34 പ്രഭാഷണങ്ങളാണ് ഈ ശേഖരത്തിൽ ഉള്ളത്.




### നോമിനേഷൻ ഓഫ് ദ സക്സസർ

ഇതിൽ 2011 ഒക്ടോബർ 3ന് കൊൽക്കത്തയിൽ വെച്ച് മാസ്റ്റർ അദ്ദേഹത്തിന്റെ പിൻഗാമിയായി സഹോ. കമലേഷ് പട്ടേലിനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള പ്രഖ്യാപനവും അദ്ദേഹത്തെ അഭ്യാസികൾക്ക് പരിചയപ്പെടുത്തിക്കൊണ്ട് മുംബൈ, അഹമ്മദാബാദ്, ചെന്നൈ എന്നിവിടങ്ങളിൽ വെച്ച് മാസ്റ്റർ നടത്തിയ ചെറു പ്രഭാഷണങ്ങളു മാണുള്ളത്. കൂടാതെ സഹോ. കമലേഷിന്റെ മാസ്റ്ററോടും ബാബുജിയോടും ഒപ്പമുള്ള നിമിഷങ്ങളുടെ ഫോട്ടോ പ്രദർശനവും അവസാനം കൊടുത്തിട്ടുണ്ട്.





### ഇൻസാൻ ബനൊ

ഈ ഡിവിഡിയിൽ മാസ്റ്റർ 2011 ഒക്ടോബർ 9ന് ഗോഹട്ടിയിൽ വെച്ച് നടത്തിയ പ്രഭാഷണം അടങ്ങിയിരിക്കുന്നു. തുടർന്ന് ഗുർഗാവ് ആശ്രമത്തിൽ വെച്ച് നടന്ന അനൗപചാരിക സംഭാഷണവും കൊടുത്തിരിക്കുന്നു. ഹിന്ദിയിലുള്ള ഈ രണ്ട് സംഭാഷണത്തിലും സന്നിഹിതരായ അഭ്യാസികൾക്ക് മുന്നിൽ സഹോ. കമലേഷ് പട്ടേലിനെ തന്റെ പിൻഗാമിയായി മാസ്റ്റർ പരിചയപ്പെടുത്തുന്നുണ്ട്.

# 140–ാം ജന്മദിന വാർഷികാഘോഷങ്ങൾ

## പൂജ്യ ലാലാജി മഹാരാജ്



"ആയതിനാൽ ഓ സത്യാർഥികളെ! നിങ്ങൾ യഥാർത്ഥമായും സന്തോഷം തേടുന്നുവെങ്കിൽ ആന്തരികമായിസ്ഥിതരാവാൻ ശ്രമിക്കുവിൻ; നിങ്ങളുടെ ആത്മാവിൽ സന്തോഷം തേടുവിൻ; ആത്മാവിൻെറ വിജ്ഞാനത്തിൻെറ വിവിധ തലങ്ങൾ നേടുവിൻ; ഒരു സത്യാർഥിയായിത്തീരുവിൻ, നിങ്ങൾക്കു ആന്തരീകമായ സന്തോഷം ലഭിക്കും."

പൂജ്യ ലാലാജി മഹാരാജ്
കംപ്ലീറ്റ് വർക്സ് ഓഫ് രാം ചന്ദ്ര (ലാലാജി), പേജ് 293


ബാംഗ്ലൂർ

### കർണാടകം

ഏകദേശം 1200 അഭ്യാസികൾ ബാംഗ്ലൂർ പരംധാം ആശ്രമത്തിൽ മുഴുദിന പരിപാടിയിൽ ഉത്സാഹത്തോടെ പങ്കെടുത്തു. പ്രഭാഷണങ്ങളെത്തുടർന്നു ഉദ്ദരണികളെ ആസ്പദമാക്കി പ്രശ്നോത്തരിയുമുണ്ടായി. ഉദ്ദരണികളെപ്പറ്റി ആത്മപരിശോധന നടത്തിയതിനു ശേഷം അവർ എന്താണു മനസ്സിലാക്കിയതെന്ന് വിവരിക്കാൻ ആവശ്യപ്പെട്ടിരുന്നു. അഭ്യാസികളുടെ പരിവർത്തനത്തിനു സഹായകമാവുംവിധം ആത്മപരിശോധന നടത്തുവാൻ ഉതകുന്ന ഈ പരിപാടി ഈ ദിനത്തിൻെറ പൊതുവായ ഉദ്ദേശമായതായി തോന്നി.

ബേലൂർ, ധാർവാഡ്, ഗഡഗ്, നവൽഗുണ്ട്, നാവ്നഗർ, പുട്കൽക്കട്ടി, സിർസി എന്നീ സെൻററുകളിൽനിന്നും വന്ന 225 അഭ്യാസികൾ ഹുബ്ലിയിലെ ആഘോഷത്തിൽ പങ്കെടുക്കാനെത്തിയിരുന്നു. 'അദ്ദേഹവും ഹുക്കയും ഞാനും' എന്ന ഡിവിഡി പ്രദർശിപ്പിക്കുകയും അഭ്യാസികൾ 'കമ്പ്ലീറ്റ് വർക്സ് ഓഫ് രാം ചന്ദ്ര' (ലാലാജി) എന്ന പുസ്തകത്തിൽ നിന്നുള്ള വിഷയങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. ഭജനകൾക്കും ചോദ്യോത്തരവേളക്കും ഒപ്പം യുവാക്കൾ അവതരിപ്പിച്ച "ദ്രൗപതി ഗർവഭംഗ" എന്ന ലഘുനാടകത്തിനുംശേഷം വൈകുന്നേരത്തെ സത്സംഗത്തോടുകൂടി ആഘോഷമവസാനിച്ചു. ആശ്രമാന്തരീക്ഷം വിട്ടുപോകാൻ പലർക്കും മനസ്സുവന്നില്ല


ആലുവ


ഹുബ്ലി

### കേരളം

എറണാകുളം, ഇടുക്കി ജില്ലകളിൽ നിന്നുള്ള അഭ്യാസികൾ സത്സംഗത്തിനായി ആലുവായിൽ ഒത്തുചേർന്നു, തുടർന്ന്, ഒരു ചെറിയ പ്രഭാഷണവും ലാലാജിയുടെ ജീവിതവുമായി ബന്ധപ്പെട്ട ഒരു നാടകവും നടന്നു. വിവിധ സെൻററുകളിൽനിന്നുള്ള പ്രിഫെക്റ്റുമാരും അഭ്യാസികളും അവരവരുടെ അനുഭവങ്ങളും ലാലാജിയേക്കുറിച്ചുള്ള വീക്ഷണങ്ങളും പങ്കുവെച്ചു. സഹോ. രാധാകൃഷ്ണൻ ആശ്രമത്തേക്കുറിച്ച് ഒരു പദ്യം അവതരിപ്പിച്ചു.

കാസർഗോഡിൽ, യുറോപ്പിയൻ സെമിനാറിനെ ആധാരമാക്കി തയ്യാറാക്കിയ ഡോക്യുമെൻററിയായ 'ഹെവൻ' പ്രദർശിപ്പിച്ചു, തുടർന്നു, പ്രഭാഷണങ്ങളും, സുവർണ്ണ നിശ്ശബ്ദതയും, ഭജനകളും, ലാലാജിയുടെ ജീവിതത്തെ ആസ്പദമാക്കി ഒരു ചെറിയ അവതരണവും നടന്നു. പരിപാടികൾ സത്സംഗത്തോടെ അവസാനിച്ചു.

ഹംനബാദിൽ പ്രാദേശിക അഭ്യാസികൾ വളരെ നല്ലവണ്ണം ഒരുക്കിയ ഒരു ഹാളിൽ ഗുൽബർഗ, ബീദർ തുടങ്ങിയ ചുറ്റുപാടുമുള്ള സെൻററുകളിൽനിന്നുമുള്ള 300 ഓളം അഭ്യാസികൾ സംഘടിച്ചു. കുറെ അഭ്യാസികൾ ലാലാജിയെക്കുറിച്ചു സംസാരിച്ചു. കുട്ടികൾ ഒരു ഭരതനാട്യം അവതരിപ്പിച്ചു. സഹോ. എസ്.എ.കാസിയുടെയും സംഘത്തിൻെറയും പുല്ലാങ്കുഴൽ വായനയും സംഘടിപ്പിച്ചിരുന്നു.


ഹംനബാദ്

# എക്കോസ് ഇന്ത്യ വാർത്താപത്രിക


ശ്രീ ഗംഗാനഗർ


ജോധ്പുർ


അൽവാർ

## രാജസ്ഥാൻ

ശ്രീ ഗംഗാനഗറിൽ സഹോ. പാരസ് പരീഖിന്റെ വസതിയിൽ 120 അഭ്യാസികൾ ഒത്തുചേർന്നു. സത്സംഗത്തിനുശേഷം ലാലാജിയുടെ ജീവിതത്തെക്കുറിച്ച് വായിച്ചു. അച്ചടക്കം പാലിക്കുന്നതിനെക്കുറിച്ചും, ഭണ്ഡാരകളിലും സ്വന്തം ജീവിതത്തിലും സഹനശേഷി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും സഹോ. മുൻഷി ലാൽ സംസാരിച്ചു. ലാലാജിയുടെ ജീവിതകഥയെ ആസ്പദമാക്കിയുള്ള സി.ഡി പ്രദർശിപ്പിച്ചു. ഉച്ചഭക്ഷണത്തിനുശേഷം മാസ്റ്ററുടെ പ്രഭാഷണങ്ങളുടെ വിഡിയോ പ്രദർശനം ഉണ്ടായി. തുറന്ന മനസ്സോടുകൂടി എല്ലാ അഭ്യാസികളും ഈ ആഘോഷത്തിൽ പങ്കെടുത്തു. ഞായറാഴ്ചത്തെ സത്സംഗവും ഭണ്ഡാരകളും കൃത്യമായി പങ്കെടുക്കാൻ സെൻറർ ഇൻ ചാർജ് സഹോ. മുൻഷി എല്ലാവരെയും പ്രചോദിപ്പിച്ചു.

ജോധ്പൂർ ആശ്രമത്തിൽ നടന്ന ആഘോഷത്തിൽ 385 അഭ്യാസികളും അറുപത്തി രണ്ട് കുട്ടികളും പങ്കെടുത്തു. അഭ്യാസികൾ 'ഗുരുശിഷ്യബന്ധം' എന്നതിനെ ആസ്പദമാക്കി ഒരു നാടകം അവതരിപ്പിച്ചു. നിറഞ്ഞ ഉത്സാഹത്തോടും സ്നേഹത്തോടും കൂടി കുട്ടികൾ അനേകം സാംസ്കാരിക പരിപാടികൾ കാഴ്ചവെച്ചു. വൈകുന്നേരത്തെ സത്സംഗത്തിനുശേഷം ലാലാജിയുടെ ജീവിതത്തെ ആസ്പദമാക്കിയുള്ള ഡോക്യുമെൻററി ഫിലിം പ്രദർശനവുമുണ്ടായി.

സത്സംഗങ്ങളും കുട്ടികൾക്കായുള്ള വിവിധ കളികളും അഭ്യാസികൾക്കായി ഒരു മിനിറ്റ് സംസാരിക്കാനുള്ള പരിപാടിയും അവതരിപ്പിച്ചുകൊണ്ട് നടത്തിയ അൽവാർ ആശ്രമത്തിലെ ആഘോഷ പരിപാടികളിൽ 190 അഭ്യാസികൾ പങ്കെടുത്തു. ലാലാജിയുടെ ജീവിതത്തെ ആസ്പദമാക്കി സ്വഭാവഗുണങ്ങൾക്ക് പ്രാധാന്യം നൽകുന്നതായിരുന്നു പരിപാടികൾ. മാസ്റ്റർ ഊന്നിപറയാറുള്ള സ്വയം മറന്നുള്ള സ്നേഹവും സേവനവുമായിരുന്നു ഈ ദിവസത്തെ പ്രധാന തത്വങ്ങൾ.

സമീപ പ്രദേശത്തുള്ള ഗ്രാമങ്ങളായ ഷാഹ്പുര, ഗംഗാപൂർ, സികർ, ബിജയ്നഗർ, ബനെഡ എന്നിവിടങ്ങളിൽ നിന്നുള്ള നൂറോളം അഭ്യാസികൾ ഭിൽവാര ആശ്രമത്തിൽ ഒത്തുചേർന്നു. സത്സംഗത്തെതുടർന്ന് ലാലാജിയുടെ ജീവിതത്തെക്കുറിച്ചൊരു പ്രദർശനവും ഭജൻ ആലാപനവും ഉണ്ടായിരുന്നു. ലാലാജി മഹാരാജ് പഠിപ്പിച്ച തത്വങ്ങളും ചില പ്രചോദനപരമായ സംഭവങ്ങളും ചില അഭ്യാസികൾ പുസ്തകങ്ങളിൽ നിന്നും വായിച്ചുകേൾപ്പിച്ചു. 'അനുസരണ' എന്നു നാമകരണം ചെയ്ത ഒരു ലഘുനാടകം യുവാക്കൾ പ്രദർശിപ്പിച്ചു.

## മഹാരാഷ്ട്ര

മുംബൈയിലെ പൻവേൽ ആശ്രമത്തിൽ 600 അഭ്യാസികൾ ഒത്തുചേർന്നു. ലാലാജിയുടെ ജീവിതത്തിലെ വിവിധ സംഭവങ്ങളെ ആസ്പദമാക്കി നാടകം, പുസ്തകവായന, ഭജൻആലപനം എന്നിവ സംഘടിപ്പിച്ചിരുന്നു. ഉച്ചഭക്ഷണത്തിനുശേഷം ലാലാജിയുടെ ജീവിതത്തെ ആസ്പദമാക്കി നിർമ്മിച്ച സിനിമ പ്രദർശിപ്പിച്ചു.

പൂനെയിൽ, സത്സംഗവും ബ്രഞ്ചും, ഭജൻ ആലാപനവും കഴിഞ്ഞശേഷം സത്സംഗത്തിന്റെ പ്രാധാന്യത്തെ ഊന്നിയുള്ള മാസ്റ്ററുടെ ഒരു വീഡിയോപ്രദർശനമുണ്ടായി. തുടർന്ന് 'നിരന്തരസത്യം' എന്ന പുസ്തകത്തിൽ നിന്നും തിരഞ്ഞെടുത്ത ചില ഭാഗങ്ങളിലൂടെ ലാലാജിയുടെ ജീവിതത്തെക്കുറിച്ചൊരു പരിപാടി സംഘടിപ്പിച്ചു. ലാലാജിയുടെ ജീവിതത്തെ ആസ്പദമാക്കി നിർമ്മിച്ച സിനിമയുടെ ഏതാനും ക്ലിപ്പിങ്ങുകൾ പ്രദർശിപ്പിക്കുകയും ഒരോ ക്ലിപ്പിങ്ങിനുംശേഷം അഭ്യാസികൾക്ക് സ്വയം വിശകലനം ചെയ്യുവാനും അവരുടെ അഭിപ്രായങ്ങൾ പങ്കുവെയ്ക്കുവാനും അവസരം നൽകി.

അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ സൂക്ഷ്മതലങ്ങളെഅഭ്യാസികൾ വിശകലനം ചെയ്യുകയും അദ്ദേഹം എല്ലാവരെയും ഒരു പോലെയാണ് കണ്ടിരുന്നതെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ലാലാജിയുടെ ജീവിതം ഭൗതിക തലത്തിലും ആദ്ധ്യാത്മികതലത്തിലും സംതുലനം ചെയ്യുന്ന രീതിയിലായിരുന്നു. വൈകുന്നേരത്തെ സത്സംഗത്തിനു മുൻപ് ഭരതനാട്യം നൃത്താവതരണമുണ്ടായി.

ഔറംഗബാദിനടുത്തുള്ള ലാസുറിൽ സമീപ പ്രദേശങ്ങളിലെ സെൻററുകളിൽ നിന്നായി 150 അഭ്യാസികൾ പരിപാടിയിൽ പങ്കെടുത്തു. സഹജമാർഗ്ഗം മൂലം തന്റെ ജീവിതത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് സഹോ. സൻജയ് ഭാട്ടിയയും, ഞായറാഴ്ചത്തെ സത്സംഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സഹോ. അനസൂയയും, ഗുരുവിന്റെ പ്രാധാന്യത്തെക്കുറിച്ച് സഹോ. സുനിൽ ചന്ദ്രനും സംസാരിച്ചു. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.

## അസ്സാം

ഗുവഹാട്ടിയിൽ സത്സംഗത്തോടുകൂടി പരിപാടി ആരംഭിച്ചു. തുടർന്ന് ലാലാജിയുടെ ലളിതമായ ജീവിതരീതിയെയും അദ്ദേഹം തന്റെ ജീവിതത്തിലെ പ്രശ്നങ്ങളെതരണം ചെയ്ത രീതികളെയും ആസ്പദമാക്കി ഒരു പ്രഭാഷണമുണ്ടായി. എക്കോസ് ഇന്ത്യ വാർത്താപത്രികയുടെ ജനുവരി ലക്കത്തെ ആസ്പദമാക്കി നടത്തിയ പ്രശ്നോത്തരി അഭ്യാസികൾക്ക് പത്രിക വായിക്കാൻ പ്രചോദനമേകി. കുട്ടികൾക്കായി ഒരു ചിത്രരചനാ മത്സരവും സംഘടിപ്പിച്ചിരുന്നു.


പൂനെ


മുംബൈ


ഗുവഹാട്ടി

# എക്കോസ് ഇന്ത്യ വാർത്താപത്രിക


മിർസാപ്പൂർ


ലക്നൗ

## ഉത്തർ പ്രദേശ്

ഏതാണ്ട് 500 അഭ്യാസികൾ ലക്നൗ ആശ്രമത്തിൽ ഒത്തുചേർന്നു. സത്സംഗത്തിനുശേഷം ലാലാജിയെപ്പറ്റിയുള്ള കഥ വായിച്ചു. അതിനുശേഷം അദ്ദേഹത്തെപ്പറ്റിയുള്ള സിനിമ കാണിച്ചു. അവിടെ ഉള്ളവർക്കെല്ലാം സ്വയം ഒരു ആത്മ പരിശോധന നടത്താൻ ഇതു പ്രചോദനം നൽകി. സഹോദരികൾ ഭജനകൾ പാടി. കുട്ടികൾ നൃത്തം ചെയ്തു. ചെറുപ്പക്കാർ 'ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നല്ലതിനാണ്" എന്ന ഒരു ചെറിയ നാടകം അവതരിപ്പിച്ചു. ആർദ്രത നിറഞ്ഞതും സൂക്ഷ്മവുമായ അന്തരീക്ഷം അവിടെ നിലനിന്നിരുന്നു. എല്ലാവരും അനുഗ്രഹം നിറഞ്ഞ ഹൃദയത്തോടെ വീട്ടിലേക്കു തിരിച്ചുപോയി.

മിർസാപ്പൂരിൽ ആശ്രമത്തിനായി വാങ്ങിച്ച പുതിയ സ്ഥലത്തിൽ ഒരു പരിപാടി ആവിഷ്കരിച്ചു. അലഹാബാദ് സെൻറർ-ഇൻ-ചാർജ് സഹോ. ആർ.ആർ.കെ.ത്രിവേദി അവിടെ സന്നിഹിതനായിരുന്നു. ചില പ്രിഫെക്റ്റുമാർ തദവസരത്തിൽ അവിടെ പ്രഭാഷണം നടത്തി. മാസ്റ്ററെപ്പറ്റി ഒരു വീഡിയോ പ്രദർശനവും ഒരു കലാപരിപാടിയും അവതരിപ്പിച്ചതിനുശേഷം സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.

## ഒറീസ്സ

കട്ടക്കിൽ ഒറീസ്സ മേഘലയിലെ 136 അഭ്യാസികൾ പരിപാടിയിൽ പങ്കെടുത്തു. സത്സംഗത്തിനുശേഷം മനുഷ്യരാശിയുടെ ആദ്ധ്യാത്മിക വളർച്ചക്കായി ലാലാജിയുടെ അദ്ധ്യാപനങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ എല്ലാവരും പങ്കെടുത്തു. ചർച്ച ഉടനീളം ഉന്മേഷകരമായിരുന്നു; ചെറുപ്പക്കാർ അത്യുത്സാഹത്തോടുകൂടി ഇതിൽ പങ്കെടുത്തു. പ്രിഫെക്റ്റ്മാരുടെയൊരു മീറ്റിങ്ങും, പതിനഞ്ചുപേർ പങ്കെടുത്ത ഒരു പൊതു ചർച്ചാവേദിയും കലാപരിപാടിയും ഉണ്ടായിരുന്നു.

## തമിഴ്നാട്

തിരുപ്പൂരിൽ നിന്നും അതിനടുത്തുള്ള കേന്ദ്രങ്ങളിൽ നിന്നും വന്ന 750 അഭ്യാസികളാൽ ഡൈമണ്ട് ജൂബിലീ പാർക് നിറഞ്ഞിരുന്നു. സത്സംഗം, പ്രഭാഷണങ്ങൾ, അവതരണങ്ങൾ എന്നിവയാൽ പരമാനന്ദം നിറഞ്ഞതായിരുന്നു അന്തരീക്ഷം. മഹാന്മാരായ മാസ്റ്റർമാരുടെ ജീവിതങ്ങൾ ലോലമായും സ്നേഹത്തോടും സ്പർശിച്ച വേളകളിൽ അഭ്യാസികളുടെ മനസ്സുരുകി. അഭ്യാസികൾക്ക് രുചിയാർന്ന പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, ചായ തുടങ്ങിയവയെല്ലാം നൽകിയിരുന്നു. എല്ലാ അഭ്യാസികളും മാസ്റ്ററുടെ അനുഗ്രഹം നിറഞ്ഞ ഹൃദയവുമായി തിരിച്ചുപോയി.


തിരുപ്പൂർ

## ഉത്തരാഖണ്ഡ്

കാശിപ്പൂർ കേന്ദ്രത്തിൽ സത്സംഗത്തിനുശേഷം ലാലാജിയെപ്പറ്റി പ്രഭാഷണം ഉണ്ടായിരുന്നു. അവിടെ കൂടിയിരുന്ന ഏകദേശം നാൽപ്പത്തഞ്ച് അഭ്യാസികൾ ചെറിയ സംഘങ്ങളായി പിരിഞ്ഞ് ലാലാജിയിടെ ജീവിതത്തിൽ ഉണ്ടായിരുന്ന മൂല്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ഈ ചർച്ചക്കുശേഷം സംഘങ്ങൾ അവരുടെ ചർച്ചയുടെ സംഗ്രഹം അവതരിപ്പിക്കുകയും അതിനുശേഷം വിശദീകരണങ്ങൾ നൽകുകയും ചെയ്തു. മഹാനായ ആ മാസ്റ്ററോടുള്ള ബഹുമാനവും ആദരവും അവിടെ പ്രകടിതമായിരുന്നു. ഉച്ച ഭക്ഷണത്തിനുശേഷം ഭജനകളും അതിനുശേഷം സാധനയെപ്പറ്റിയുള്ള വിശദീകരണവും ഉണ്ടായിരുന്നു. സത്സംഗത്തിനുശേഷം പരിപാടി അവസാനിച്ചു.

## ഝാർഖണ്ഡ്

ഹസാരിഭാഗ്, ചത്ര എന്നീ കേന്ദ്രങ്ങളിലെ ഏകദേശം 30 അഭ്യാസികൾ ചത്ര കേന്ദ്രത്തിൽ ഒത്തുകൂടി. ഒരു ചോദ്യോത്തര ക്ലാസ് ഉണ്ടായിരുന്നു.

ഒരു മുഴുദിന പരിപാടിക്കായി റാഞ്ചി കേന്ദ്രം ഭംഗിയായി അലങ്കരിച്ചിരുന്നു. ലാലാജിയുടെ ജീവിതത്തെപ്പറ്റിയുള്ള വീഡിയൊ പ്രദർശനവും അതിനുശേഷം ഭജനയും ഉണ്ടായിരുന്നു.

ജംഷെഡ്പ്പൂരിൽ 38 അഭ്യാസികൾ ഈ പരിപാടിയിൽ പങ്കെടുത്തു. "നിരന്തര സത്യം" എന്ന പുസ്തകം വായിക്കുകയും അതിനുശേഷം പ്രഭാഷണവും തുടർന്ന് ചോദ്യോത്തരവും ഉണ്ടായിരുന്നു.


കാശിപ്പൂർ


കട്ടക്ക്

## ആശ്രമ നിർമ്മാണം

### ജമ്മു ആശ്രമം



ജമ്മു ആശ്രമം

ഇന്ത്യയുടെ ഏറ്റവും വടക്കുഭാഗത്തുള്ള സംസ്ഥാനമായ ജമ്മു-കാഷ്മീരിൽ നിർമ്മിക്കാൻ പോകുന്ന ആദ്യത്തെ കേന്ദ്രം ഗോൽഗുജരാലിലെ രംജിത്പൂർ ഗ്രാമത്തിലാണ്. ഇത് റെയിൽവേ സ്റ്റേഷനിൽനിന്നു 10 കി.മീറ്ററും, വിമാനത്താവളത്തിൽ നിന്നു 11 കി.മീറ്ററും ബസ്-സ്റ്റാൻറിൽനിന്നു 6 കി.മീറ്ററും ദൂരത്താണ്.

2011-ൽ ആശ്രമത്തിനുവേണ്ടി ഒരു ഏക്കർ സ്ഥലം വാങ്ങി അതിൽ 2800 ച.അടി വിസ്താരമുള്ള അടുക്കള-ഭോജനശാല എന്നിവ പണിതീർത്തിട്ടുണ്ട്. പ്രത്യേക ധ്യാനമന്ദിരം നിർമ്മിക്കുന്നതുവരെ ഇതിനെ ധ്യാനമന്ദിരമായി ഉപയോഗിക്കുന്നതാണ്.

2012 ജനവരിയിൽ മാസ്റ്റർ ചെന്നൈ ആപ്പീസിലിരുന്ന് ഈ സ്ഥലത്തിൻെറ ഫോട്ടോകളും വീഡിയോയും കണ്ടു. അതു കണ്ടതിനുശേഷം "ഞാൻ ഈ ആശ്രമത്തിൽ പ്രവേശിച്ചുകഴിഞ്ഞു; ആശ്രമ ഉത്ഘാടനം നടത്തി; ഇന്നു തുടങ്ങിത്തന്നെ ഹാളിൽ ധ്യാനം ആരംഭിക്കുക" എന്നു മാസ്റ്റർ പറഞ്ഞു. അന്നു വൈകുന്നേരം 5.00 മണിക്കു ആദ്യത്തെ സത്സംഗം നടത്തി. അതിനുശേഷം സ്ഥിരമായി സത്സംഗം നടത്തുന്നുണ്ട്.


പയ്യന്നൂർ ആശ്രമം

### താർവൈ, ഉത്തർപ്രദേശ്

1983-ൽ അലഹബാദ് നഗരത്തിൽ നിന്നു പതിമൂന്നു കി.മീറ്റർ ദൂരത്തുള്ള താർവൈ എന്ന സ്ഥലത്തുള്ള കുറച്ചു പേർ മിഷനിൽ ചേർന്നു. അവർ അലഹാബാദിലായിരുന്നു സത്സംഗത്തിൽ പങ്കു ചേർന്നിരുന്നത്. പ്രിഫെക്റ്റ് സഹോ.എൽ.കെ.ത്രിപാഠി, സഹോ.സുഭാഷ് ചന്ദ്ര മിശ്ര എന്നിവരുടെ പരിശ്രമത്തിൻ ഫലമായി 800 ച.മീറ്റർ സ്ഥലം വാങ്ങുകയും 2006 മാർച്ച് 22-ന അതു റെജിസ്റ്റർ ചെയ്യുകയും ചെയ്തു.

അവിടുത്തെ എം.എൽ.എ, എം.പി എന്നിവരുടെ ഫണ്ടിൽ നിന്നു ലഭിച്ച സഹായം കൊണ്ട് 1000 ച.അടി വിസ്താരമുള്ള ഒരു മെഡിറ്റേഷൻ ഹാൾ നിർമ്മിക്കുകയും ബാക്കി സൗകര്യങ്ങൾ അഭ്യാസികളുടെ സംഭാവന വഴി ഏർപ്പെടുത്തുകയും ചെയ്തു. 2011 ഡിസംബർ 11-ന സെക്രട്ടറി യു.എസ്. ബാജ്പൈ മെഡിറ്റേഷൻ ഹാൾ ഉത്ഘാടനം നടത്തി. തദവസരത്തിൽ അലഹാബാദിൽ നിന്നും പരിസര പ്രദേശങ്ങളിൽ നിന്നും നിരവധി അഭ്യാസികൾ സന്നിഹിതരായിരുന്നു.


താർവൈ ആശ്രമം



### പയ്യന്നൂർ ആശ്രമം, കേരളം

ഈ ആശ്രമം സ്ഥിതിചെയ്യുന്നത് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ-ചിമേനി റോഡിൽ പയ്യന്നൂരിൽ നിന്നു 10 കി.മീറ്റർ ദൂരത്താണ്. മൂന്ന് ഏക്കർ വിസ്താരമുള്ള പ്രകൃതിരമണീയമായ ഈ സ്ഥലം 2007-ൽ വാങ്ങി അഭ്യാസികൾ മിഷനു നൽകി. ഇതിനടുത്തുതന്നെ വേറെ സ്ഥലം വാങ്ങി അഭ്യാസികൾ ഒരു കോളനി ഉണ്ടാക്കിയിട്ടുണ്ട്. ഏകദേശം 100 അഭ്യാസികൾക്ക് പങ്കെടുക്കാൻ പറ്റുന്ന ഒരു താത്കാലിക മെഡിറ്റേഷൻ ഹാൾ നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ ഏകദേശം 60-75 അഭ്യാസികൾ സ്ഥിരമായി സത്സംഗത്തിൽ പങ്കെടുക്കാറുണ്ട്.

2012 ജനവരി 29-ന ഞായറാഴ്ച സത്സംഗത്തിനുശേഷം 75 അഭ്യാസികൾ അവിടെ ഒത്തുകൂടി. സെൻറർ-ഇൻ-ചാർജ് സഹോ.കുഞ്ഞികണ്ണൻ അടുക്കളക്കും കുളിമുറികൾക്കും തറക്കല്ലിട്ടു. അതിനുശേഷം എല്ലാവരും അവിടെ ഇരുന്നു ധ്യാനിച്ചു. ഒരു വലിയ മെഡിറ്റേഷൻ ഹാളും മാസ്റ്ററുടെ കോട്ടേജും നിർമ്മിക്കാനുള്ള ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്.

## പരിശീലകരുടെ പരിശീലന പരിപാടി II

**ബനശങ്കരി ആശ്രമം-ബാംഗ്ലൂർ**



ബനശങ്കരി ആശ്രമത്തിൽവെച്ച് മൂന്ന് ഘട്ടങ്ങളിലായി നടത്തിയ ഈ പരിശീലന പരിപാടിയിൽ (ഒക്ടോബർ 16, നവംബർ 5–6, നവംബർ 26–27) മുപ്പത്താറുപേർ പങ്കെടുത്തു. പരിശീലനത്തിൽ പങ്കെടുത്തവരുടെ സാധന ഗഹനമാക്കുകയും, മാസ്റ്ററുമായുള്ള അവരുടെ ബന്ധം ദൃഢമാക്കുകയും സഹജമാർഗ്ഗത്തെക്കുറിച്ചുള്ള അവരുടെ അറിവ് കുറച്ചുകൂടി ആഴത്തിലാക്കുകയും ആയിരുന്നു ഈ പരിപാടിയുടെ മുഖ്യ ഉദ്ദേശ്യം. അതുവഴി, സഹജമാർഗ്ഗത്തിന്റെ പ്രത്യേക സവിശേഷതകൾ, സാധനാകാംക്ഷികൾക്ക് ഫലപ്രദമായി പകർന്നു കൊടുക്കുന്നതിന് അവരെ തയ്യാറാക്കിയെടുക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം.

ഗ്രൂപ്പുചർച്ചകളിൽ നിന്നും തുടങ്ങി ക്രമേണ തിരഞ്ഞെടുത്ത ഒരു വിഷയം അഭ്യാസികളുടെ ഒരു ചെറിയ ഗ്രൂപ്പിൽ അവതരിപ്പിക്കാൻ അവരോട് ആവശ്യപ്പെട്ടു. അതിനുശേഷം തിരഞ്ഞെടുത്ത ഒരു ഉദ്ധരണിയെക്കുറിച്ച് രണ്ടു മൂന്നു മിനിറ്റ് നേരത്തേക്ക് സംസാരിക്കുവാൻ ആവശ്യപ്പെട്ടു. അവസാനം വിവിധശ്രേണിയിൽപ്പെട്ട അഭ്യാസികളോട് (അഭ്യാസികൾ, വിദ്യാർത്ഥികൾ, കുടുംബിനികൾ) സാങ്കൽപികമായി ഒരോ പ്രത്യേക വിഷയം 20 മിനിറ്റ് നേരത്തേയ്ക്ക് അവതരിപ്പിക്കുവാൻ നിർദ്ദേശിച്ചു. വിഷയങ്ങളെക്കുറിച്ചുള്ള അവരുടെ ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള കഴിവുകൾ, ആശയവിനിമയ ചാതുര്യം എന്നിവ സസൂക്ഷ്മം നിരീക്ഷിച്ചശേഷം അവയിൽ വരുത്തേണ്ട പുരോഗതിയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പാനൽ മെമ്പർമാർ അവർക്കു നൽകി.

സഹോദരർ ബി.ശ്രീനിവാസ, ജി.സുബ്രമണ്യ, കൃഷ്ണമൂർത്തി, പ്രഭാകർ, ജി.സത്യനാരായണ സഹോദരി മാധുരി എന്നിവരായിരുന്നു പരിപാടി നിയന്ത്രിച്ചു നടത്തിയിരുന്നത്.


## കായികദിനം

**ജയ്പൂർ, രാജസ്ഥാൻ**

2012 ജനുവരി ഒന്ന് ജയ്പൂർ കേന്ദ്രം കായിക ദിനമായി അഘോഷിച്ചു. 120 അഭ്യാസികളോളം പങ്കെടുത്ത ഈ പരിപാടി അഭ്യാസികളിൽ കൂട്ടായ്മ വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി ആസൂത്രണം ചെയ്തതായിരുന്നു. വടംവലി, ചാട്ടം, സീനിയർ വ്യക്തികൾക്കുള്ള മത്സരങ്ങൾ മുതലായവ ഇതിൽ ഉൾപ്പെടുത്തിയിരുന്നു. മത്സരത്തിലെ വിജയികൾക്കും, അച്ചടക്കം കാണിച്ച കുട്ടികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. പെരുമാറ്റത്തിൽ മാന്യത, സാഹോദര്യം, അച്ചടക്കം മുതലായ ഗുണങ്ങൾ അഭ്യാസികളിൽ ജനിപ്പിക്കുന്നതിന് വർഷാരംഭത്തിലെ ഈ പൂർണ്ണദിന പരിപാടിയിൽ സാധ്യമായി.

## സാധന, ലക്ഷ്യം, അഭിവാഞ്ഛ എന്നീ വിഷയങ്ങളെക്കുറിച്ച് യുവജന സെമിനാർ

**ഹൈദരാബാദ്**




2012 ഫിബ്രവരി 10 മുതൽ 12 വരെ അമ്പത്തഞ്ച് അഭ്യാസികളും, പന്ത്രണ്ട് പ്രിഫെക്റ്റുകളും പങ്കെടുത്ത ഒരു സെമിനാർ ഹൈദരാബാദിലെ സോണൽ ആശ്രമത്തിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി. മാസ്റ്ററുടെ ഉദ്ധരണികളും, എസ് ആർ സി എം റിട്രീറ്റ് സെൻററുകളുടെ ചിത്രങ്ങളും വേദിയിലെ അന്തരീക്ഷത്തിന് ഊർജ്ജസ്വലതപകർന്നു.

സാധനയും ഡയറി എഴുത്തും ആയിരുന്നു ആദ്യപാദത്തിലെ വിഷയങ്ങൾ. തുടർന്ന് പങ്കെടുത്ത എല്ലാ അഭ്യാസികൾക്കും വ്യക്തിഗത സിറ്റിംഗ് നൽകി. തങ്ങളുടെ ദൈനംദിന സാധനയിലെ തടസ്സങ്ങളെക്കുറിച്ച് പ്രിഫെക്റ്റുമാരോട് മനസ്സു തുറക്കുന്നതിനും അഭ്യാസികൾക്ക് അവസരം ലഭിച്ചു.

ശനിയാഴ്ച മാസ്റ്ററുടെ രണ്ടു പ്രഭാഷണങ്ങൾ അഭ്യാസികൾക്ക് നൽകിയശേഷം, അവരോട് അത് വായിച്ച്, അതേക്കുറിച്ച് ആഴത്തിൽ ചിന്തിക്കുന്നതിനാവശ്യപ്പെട്ടു. ഉച്ച ഭക്ഷണത്തിനുശേഷം, അവർ ചില വിനോദങ്ങളിൽ ഏർപ്പെട്ടു.അവരിലെ ബാല്യകാലസ്മരണകൾ ഉണർത്തുന്നതിന് ഇത് സഹായിച്ചു.

സഹോ. മല്ലിക് അഭ്യാസികളെഅഭിസംബോധന ചെയ്തു. തുടർന്ന് സഹോ. ബാലാജി 'ലക്ഷ്യ'ത്തെക്കുറിച്ച് സംസാരിച്ചു. സഹജമാർഗ്ഗ ലക്ഷ്യത്തെക്കുറിച്ച് അവർക്കുണ്ടായിരുന്ന ധാരണകളെക്കുറിച്ചും, സാധനയുടെ പുരോഗതിക്കനുസരിച്ച് അതിലുണ്ടായ പരിവർത്തനങ്ങളെക്കുറിച്ചും, പരിപാടിയിൽ പങ്കെടുത്ത അഭ്യാസികൾ പങ്കുവെച്ചു. അത്താഴത്തിനുശേഷം ഒരു വീഡിയോ പ്രദർശനവുമുണ്ടായിരുന്നു.

സ്വഭാവശുദ്ധിയുടെ പ്രധാന്യത്തെക്കുറിച്ച് സെമിനാർ ഞായറാഴ്ച ചർച്ച ചെയ്തു. 'സ്വഭാവശുദ്ധി'യെക്കുറിച്ചുള്ള മാസ്റ്ററുടെ പ്രഭാഷണത്തിന്റെ കോപ്പികൾ അഭ്യാസികൾക്ക് വിതരണം ചെയ്തു തുടർന്ന് സഹോ. അർച്ചന ഒരു ആശയവിനിമയ ചർച്ചയിലൂടെ ചെറിയ ചെറിയ മാറ്റങ്ങൾക്കൊണ്ട് ജീവിതത്തെ എങ്ങനെ ക്രമീകരിക്കാമെന്നും, നമ്മുടെ അഭിവാഞ്ഛയ്ക്കനുസരിച്ച് എങ്ങനെ ചിട്ടപ്പെടുത്താമെന്നും വിശദീകരിച്ചു.

ഉച്ചയ്ക്കുശേഷം മാസ്റ്ററുടെ ഒരു പ്രഭാഷണത്തിന്റെ വീഡിയോ പ്രദർശിപ്പിച്ചു. അതിനെക്കുറിച്ച് നിശ്ശബ്ദമായ മനനവും തുടർന്നുണ്ടായി. പ്രതികരണങ്ങൾ വളരെ ആശാവഹമായിരുന്നു. പങ്കെടുത്തവർ എല്ലാവരും അത്തരം സെമിനാറുകൾ വീണ്ടും വീണ്ടും നടത്തണമെന്ന ആവശ്യം ഉയർത്തി.



## പ്രബന്ധരചന മത്സരത്തിൻെറ സർട്ടിഫിക്കറ്റ് വിതരണം

### അഹമ്മദ്നഗർ

ഫിബ്രവരി 11-ന് ഉപന്യാസ വിഷയത്തിൻെറ സംഘാടകർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനായി പങ്കെടുത്ത എല്ലാ സ്കൂളുകളും സന്ദർശിക്കുകയുണ്ടായി. വിജയികളെ ആദരിക്കുന്നതിനായി അവർ ശ്രീ ശിവാജി സൈനിക് സ്കൂളും, ശിവശങ്കർ വിദ്യാമന്ദിറും സന്ദർശിച്ചു. ഈ വർഷത്തെ രണ്ടു സോണൽതല വിജയികൾ അഹമ്മദ്നഗറിൽ നിന്നായിരുന്നു. തത്പരരായ അദ്ധ്യാപകർക്കുവേണ്ടി ഒരു പൊതുയോഗം സംഘടിപ്പിക്കുകയും സഹജ്മാർഗ്ഗ പരിശീലനത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

### നാസിക്

പരിപാടിയിൽ പങ്കെടുത്തവർക്കും വിജയികൾക്കും വേണ്ടി ഒരു യോഗം ഫിബ്രവരി 11-ന് ഇവിടെ സംഘടിപ്പിച്ചു. പത്തു വിദ്യാർത്ഥികൾ അവരുടെ രക്ഷിതാക്കൾക്കൊപ്പം ഇതിൽ പങ്കെടുത്തു. മുപ്പതോളം പേർ സമ്മേളിച്ച ഈ സദസ്സിൽ ശ്രീ രാം ചന്ദ്ര മിഷനെക്കുറിച്ചുള്ള വിശദീകരണം വളരെയധികം ശ്രദ്ധയോടെയാണ് അവർ ശ്രവിച്ചത്. യുവാക്കൾക്ക് ജീവിതചര്യയെക്കുറിച്ചുള്ള ശരിയായ ദിശാബോധം നൽകുന്നതിൽ മിഷൻ വഹിക്കുന്ന പങ്കിനെ അവർ മുക്തകണ്ഠം പ്രശംസിച്ചു. സഹോ. ടൗങ്ക് സമ്മാനദാനം നിർവ്വഹിച്ചു. വിജയികൾക്ക് 'ടെൽ മി മാസ്റ്റർ' എന്ന പുസ്തകവും ഒരു പേനയും സമ്മാനമായി നൽകി.



### ബാംഗ്ലൂർ

ബൻശങ്കരി ആശ്രമത്തിൽവെച്ച് നടത്തിയ സമ്മാനദാനച്ചടങ്ങിൽ മംഗലാപുരത്തു നിന്നുള്ള പതിനാറുകാരനായ വിജയി യശസ്വി നായക് ഇങ്ങനെ പറഞ്ഞു "ഞങ്ങളുടെ പിതാവ് മംഗലാപുരത്തിന് പുറത്തുപോയിരുന്ന സമയത്തെല്ലാം വീട്ടിലെ പരമ്പരാഗത പൂജ നടത്തേണ്ടത് എൻെറ ചുമതലയായിരുന്നു. അതാണ് ആദ്ധ്യാത്മികതയെന്നാണ് ഞാൻ ധരിച്ചിരുന്നത്. ഇന്ന് ഇവിടെ വന്നതിനുശേഷം നിങ്ങളെയെല്ലാം ശ്രവിച്ചതിനുശേഷമാണ് ആദ്ധ്യാത്മികത എന്നാൽ മാനവസേവയാണെന്ന് എനിക്ക് മനസ്സിലായത്."

വിജയിച്ച പതിനൊന്നു സ്കൂളുകളിൽ നിന്നായി മുപ്പതോളം അതിഥികൾ പങ്കെടുത്തിരുന്നു. ദക്ഷിണ കർണ്ണാടക സോണിൽ നിന്നും 330 സ്ഥാപനങ്ങളിൽ നിന്നായി 3300 വിദ്യാർത്ഥികൾ ഈ സംരഭത്തിൽ പങ്കെടുത്തിരുന്നു.





## കൊൽക്കത്തയിലെ ബാബുജി മെമ്മോറിയൽ ആശ്രമത്തിൻെറ എട്ടാം വാർഷികം, പശ്ചിമ ബംഗാൾ

**ഡിസംബർ 24,2011**

ഡിസംബറിലെ കുളിരുകോരുന്ന പുലരിയിൽ, ദുർഗാപൂർ, ബോണ്ടൽ, ഫറാക്ക, ഝാർഖണ്ട് സംസ്ഥാനം, കൊൽക്കത്ത മുതലായ കേന്ദ്രങ്ങളിൽ നിന്നുമായി എഴുപതോളം അഭ്യാസികൾ ഇവിടെ ഒത്തുചേർന്നു. രാവിലത്തെ വിഷയം 'ധ്യാന'വും വൈകുന്നേരത്തെ വിഷയം ശുദ്ധീകരണവും ആയിരുന്നു. ആന്തരികജ്യോതിയുമായി ബന്ധം പുനഃസ്ഥാപിക്കുന്നതിനായി ധ്യാനിക്കുവാൻ അഭ്യാസികളോട് ആവശ്യപ്പെട്ടു. അതിനുശേഷം അവരെ അഞ്ചു ഗ്രൂപ്പുകളിലായി തിരിച്ച്, ദശസൂക്തങ്ങളുടെ ഗഹനമായ അർത്ഥങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ നിർദ്ദേശിച്ചു. ദശസൂക്തങ്ങളുടെ തിരഞ്ഞെടുത്ത വ്യാഖ്യാനങ്ങൾ ഉറക്കെവായിച്ചു കേൾപ്പിച്ചു.





കേന്ദ്രത്തിൻെറ ബാലവിഭാഗം കുട്ടികൾക്കുവേണ്ടി പല കലാപരിപാടികളും ആസൂത്രണം ചെയ്തിരുന്നു. ക്രിയാത്മകമായ പല വിനോദങ്ങളെക്കൊണ്ട് ദിവസം മുഴുവൻ പൂർണ്ണമായിരുന്നു.

**ഡിസംബർ 25, കുട്ടികൾക്കു വേണ്ടിയുള്ള സ്പോർട്സ് ദിനം:**

ഞായറാഴ്ച സത്സംഗത്തിനുശേഷം കേന്ദ്രത്തിലെ ബാലവിഭാഗം വാർഷിക സ്പോർട്സ് ദിനം സംഘടിപ്പിച്ചു. കുട്ടികളും യുവാക്കളും പ്രായമായവരും ഇതിൽ സന്തോഷപൂർവ്വം പങ്കെടുത്തു. ഉച്ചയ്ക്കുള്ള വിഭവസമൃദ്ധമായ ഭക്ഷണത്തിനുശേഷം സമ്മാനങ്ങൾ വിതരണം ചെയ്തു. വൈകുന്നേരം സത്സംഗത്തോടുകൂടി പരിപാടികൾക്ക് തിരശ്ശീല വീണു. ഒഴിവുദിനം ആഹ്ലാദപ്രദമായി ഉപയോഗിച്ചുവെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. പരിശീലനത്തിലും ഒരു പുത്തൻ ഉണർവ്വ് ഇത് പ്രദാനം ചെയ്തു.

## സ്വഭാവരൂപികരണത്തിനായി ഒരു പരിപാടി

**ബിക്കാനീർ, രാജസ്ഥാൻ**



"സ്വഭാവരൂപീകരണത്തിന്റെ പ്രസക്തി" എന്ന വിഷയത്തെ അധികരിച്ച് ഒരു അരദിവസത്തെ പരിപാടിയുമായാണ് അഭ്യാസികൾ 2012–ലെ ആദ്യദിനത്തെ എതിരേറ്റത്. പങ്കെടുത്തവരെ മൂന്ന് വിഭാഗങ്ങളായി തിരിച്ച്, സ്വഭാവരൂപികരണം, പെരുമാറ്റം, സ്നേഹം, എളിമ, ത്യാഗം എന്നീ വിഷയങ്ങളെആസ്പദമാക്കി ഓരോ വിഭാഗത്തിനും നാലു വിഷയങ്ങൾ വീതം നൽകി. ഓരോ വിഭാഗത്തേയും പ്രതിനിധീകരിച്ച് ഒരാൾ വീതം ചർച്ചയുടെ സാരാംശം അവതരിപ്പിച്ചു. സ്നേഹം, ത്യാഗം, സ്വയം വിശകലനം തുടങ്ങിയവയിലൂടെ സമൂഹത്തിലും ഭൗതിക ജീവിതത്തിലും എങ്ങിനെ ഒരു അഭ്യാസി വേറിട്ടു നിൽക്കണമെന്ന് മാസ്റ്റർ പ്രത്യാശിക്കുന്നുവെന്നത് ചർച്ചയിൽ ഉരുത്തിരിഞ്ഞു. "സ്വയം വിശകലനത്തിലൂടെ ഋണാത്മകതയെ എങ്ങിനെ ഒഴിവാക്കാം" എന്ന വിഷയത്തെപ്പറ്റി ബ്രദർ മാൻസിങ്ങ് സംസാരിച്ചു. മാസ്റ്റർക്ക് അഭ്യാസികളോടുള്ള സ്നേഹത്തിന്റെയും ശ്രേഷ്ഠത്വത്തെപറ്റിയും, നമുക്ക് എപ്രകാരം അത് അദ്ദേഹത്തിനു തിരിച്ചു നൽകാനാവുമെന്നതിനെക്കുറിച്ചും ബ്രദർ കമലേഷ് പട്ടേൽ അയച്ച കത്ത് ബ്രദർ അനിൽകുമാർ വായിച്ചു. നന്ദിപ്രകാശനത്തോടെ പരിപാടി അവസാനിച്ചു.

## പ്രിൻറ് ഡിസൈനിനായി ഒരു പരിശീലന ശിൽപശാല, മുംബൈ

'പ്രിൻറ് ഡിസൈൻ' നായി ഒരു ശിൽപശാല പൻവേൽ സോണൽ ആശ്രമത്തിൽ വെച്ച് ഡിസംബർ 31, 2011, 2012 ജനുവരി 1 തിയ്യതികളിൽ നടത്തി. മിഷനു വേണ്ടി പുസ്തകങ്ങൾ, ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയവ രൂപകൽപന നടത്തുവാൻ ആഗ്രഹിക്കുന്ന അഭ്യാസി സ്വയംസേവകർക്കായാണു ഇതു നടത്തിയത്. പൂണെ, മുംബൈ, ജൽഗാവ്, നാസിക് തുടങ്ങിയ സെൻററുകളിൽ നിന്നായി പതിനഞ്ചോളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു.

രൂപകൽപ്പന നടത്തുന്നതിലെ അടിസ്ഥാന തത്വങ്ങൾ, ഇവ എപ്രകാരം ഉപയോഗപ്രദമായി വിനിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ ഈ ശിൽപശാലയിൽ ചർച്ച ചെയ്യപ്പെട്ടു. ഡിജിറ്റൽ ആർട്ട് വർക്കിനായുള്ള സോഫ്റ്റ്‌വെയറിൽ പരിശീലനം നൽകി. അടിസ്ഥാന തത്വങ്ങൾ ഉപയോഗിച്ച് പോസ്റ്ററുകൾ നിർമ്മിക്കുന്നതിന് പരിശീലിപ്പിച്ചു. പങ്കെടുത്തവർക്ക് വളരെ പ്രയോജനപ്രദമായ ഈ പരിപാടി ഏവർക്കും സ്വീകാര്യമായി. മിഷന്റെ ഭാവിയിലെ ആവശ്യങ്ങൾക്ക് ഇവരുടെ ഈ പരിശീലനം ഉപകാരപ്രദമാകും.

## ആകുലത കൈകാര്യം ചെയ്യുന്നതിനായുള്ള സെമിനാർ

**ജയ്പൂർ, രാജസ്ഥാൻ**

എച്ച്ഡിഎഫ്സി – ലൈഫിന്റെ ജയ്പൂരിലെ റീജിയണൽ ഓഫീസിൽ വച്ച് 2012 ജനുവരി 8–ാം തിയ്യതി ബ്രാഞ്ച് മാനേജർമാർക്കായി ഒരു സെമിനാർ നടത്തി.

മനസ്സിന്റെ ക്രമീകരണത്തിലൂടെ ആകുലതയകറ്റുവാൻ എങ്ങിനെ സാധിക്കുമെന്നറിയുവാനും ധ്യാനത്തിനെപ്പറ്റി കൂടുതലായറിയുവാനും സഹജമാർഗപരിശീലനത്തിലൂടെ എന്താണു ലഭ്യമാകുന്നതു എന്നറിയുവാനുമാണ് അവർ ആ പരിപാടിയിൽ പങ്കെടുത്തത്.

ശ്രീ സന്ദീപ് നയ്യാർ ആണ് ഈ പരിപാടി സംഘടിപ്പിച്ചത്. ജയ്പൂർ സെൻറർ–ഇൻ–ചാർജ് ബ്രദർ മനോജ് നാഗർ ധ്യാനിക്കുന്നത് എത്രത്തോളം സഹായകരമാകുമെന്ന് വിവരിച്ചു.

പരസ്പരം ഇടപെടലുകളിലൂടെ ഈ പരിപാടി നടത്തി. പങ്കെടുത്തവർ ധാരാളം ചോദ്യങ്ങൾ ചോദിക്കുകയും സംശയ ദൂരീകരണം നടത്തുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും ഈ സെമിനാർ മാർഗനിർദ്ദേശകമായി



## സ്പെക്ട്രം സ്പിരിച്വൽ ക്ലബ്ബിന്റെ നാൻദെദ് ആശ്രമ സന്ദർശനം

2012 ജനുവരി 27ാം തിയതി, സ്പെക്ട്രം സ്പിരിച്വൽ ക്ലബ്ബിലെ പതിനഞ്ചോളം സ്ത്രീകൾ, സഹജമാർഗത്തെപ്പറ്റി കൂടുതലറിയാനായി നാൻദെദ് ആശ്രമം സന്ദർശിച്ചു.

സഹോ.ശുഭ ആപ്റ്റെ നടത്തിയ ചോദ്യോത്തര വേളയിൽ പങ്കെടുത്ത അവർ അർത്ഥവത്തായ ഉത്തരങ്ങൾ നൽകി.

തുടർന്ന്, സഹജമാർഗത്തെപ്പറ്റി വിശദമായ അവതരണം സഹോ.വൈദ്യയും നൽകി. വളണ്ടിയർമാർ പാചകം ചെയ്ത ഉച്ചഭക്ഷണം ആശ്രമത്തിലെ മരത്തണലിൽ വച്ച് അതിഥികൾ കഴിച്ചതോടെ പരിപാടി അവസാനിച്ചു.



എക്കോസ് ഇന്ത്യ വാർത്താപത്രിക

# പ്രകാശകേന്ദ്രം

## ഗുൽബർഗ ആശ്രമം

### ബാബുജി വിത്തു വിതക്കുന്നു

ബഹ്മനി രാജവംശത്തിൻെറ ജന്മസ്ഥലമായ ഗുൽബർഗ, വടക്കേ കർണ്ണാടകയിലെ ഒരു ഭാഗത്തിൻെറ ആസ്ഥാന നഗരമാണ്. 1957–ൽ മിഷൻ പ്രവർത്തനം ഇവിടെ തുടങ്ങി. ദിവംഗതനായ സഹോ. സർണാദ്ജി അദ്യകാല അഭ്യാസികളിലൊരാളായിരുന്നു. പിന്നീട്, വളരെക്കാലം അദ്ദേഹം മിഷൻെറ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിരുന്നു.

1957, 1963, 1968വർഷങ്ങളിൽ ഗുൽബർഗ സന്ദർശിച്ച ബാബുജി ഈ സെൻററിനെ വളർത്തി. 1957 ഡിസംബർ 15–ാം തിയതി ഗുൽബർഗയിൽ വെച്ച് കൊടുത്ത സന്ദേശത്തിൽ അദ്ദേഹം സഹജമാർഗ്ഗത്തെ ഇപ്രകാരം ലഘൂകരിച്ചു: "...എൻെറ വ്യക്തിപരമായ അനുഭവത്തിൻെറ വെളിച്ചത്തിൽ എല്ലാവർക്കും നിഷ്പ്രയാസം പിന്തുടരാവുന്ന ഒരു ലളിതമായ വഴി ഞാൻ നിർദ്ദേശിക്കാം. ഒരുവന് തൻെറ ഹൃദയം വിൽക്കാമെങ്കിൽ അതായത് അതിനെ ഒരു സമ്മാനമായി ദിവ്യ മാസ്റ്റർക്ക് നൽകാമെങ്കിൽ, കൂടുതലായൊന്നുംതന്നെ ചെയ്യേണ്ടതില്ല. അപരിമേയമായ ഉണ്മയിൽ സഹജമായി മുഴുകുവാൻ ഇത് അവനെ സഹായിക്കും."





### ആശ്രമവും പ്രവർത്തനവും

ഈ സെൻററിൽ ഇപ്പോൾ ഏകദേശം 450–ഓളം അഭ്യാസികളുണ്ട്. ഞായറാഴ്ച സത്സംഗത്തിൽ 170–ഓളം അഭ്യാസികൾ പങ്കെടുക്കാറുണ്ട്. റെയിൽവേ സ്റ്റേഷനിൽ നിന്നും 5കി.മി. ദൂരെയുള്ള സെദാം റോഡിൽ ഉള്ള ആശ്രമത്തിന് കല്ലിടൽ കർമ്മം മാസ്റ്റർ 1993 മാർച്ച് 24–ന് നിർവ്വഹിച്ചു. 1994 മെയ് 13–ാം തിയതി ആശ്രമമുദ്ഘാടനം ചെയ്തു. 18000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ ഇരുനില കെട്ടിടത്തിൽ 300 പേർക്കിരിക്കാവുന്ന ധ്യാന മന്ദിരം, താമസ സൗകര്യം, ഓഫീസ്, അടുക്കള, ശൗചാലയം, പുസ്തകശാല തുടങ്ങിയവയുണ്ട്. ഞായറാഴ്ചയും, ചൊവ്വ, ബുധൻ, വ്യാഴം തുടങ്ങിയ ദിവസങ്ങളിൽ വൈകീട്ടും സത്സംഗം നടത്താറുണ്ട്. വെള്ളി, ശനി തുടങ്ങിയ ദിവസങ്ങളിൽ വൈകീട്ട് വ്യക്തിഗത സിറ്റിംഗ് സൗകര്യമൊരുക്കിയിട്ടുണ്ട്. മിഷൻെറ വിവിധ പരിപാടികളിൽ സജീവ പങ്കാളിത്തമുള്ള വളണ്ടിയർമാർ അർപ്പണമനോഭാവത്തോടെ പങ്കെടുക്കുന്നുണ്ട്.



### സമർപ്പണത്തിൻെറ രഹസ്യം

1984, 1987, 1989, 1990, 1993, 1994, 1998, 2002 വർഷങ്ങളിൽ മാസ്റ്റർ ഈ സെൻറർ സന്ദർശിച്ച് അതിൻെറ വികസനത്തിന് സഹായിച്ചിട്ടുണ്ട്. ഒടുവിൽ അദ്ദേഹം സന്ദർശിച്ചപ്പോൾ സമർപ്പണത്തിൻെറയും ആത്മീയ പുരോഗതിയുടെയും രഹസ്യം മാസ്റ്റർക്കുവേണ്ടി പ്രവർത്തിക്കൽ മാത്രമാണെന്ന് വെളിപ്പെടുത്തിയിരുന്നു. "ശരണാഗതി ഒരു വാക്കു മാത്രമാണ്, പുരോഗതിക്കാവശ്യമായ ഒരു കൂട്ടം മനോഭാവം അത് ഉൾക്കൊള്ളുന്നുണ്ട്. ഏറ്റവും എളുപ്പമായ മാർഗ്ഗം, ഞാൻ സ്വീകരിച്ച വഴി, മാസ്റ്ററുടെ ജോലി തുടരെ ചെയ്തുകൊണ്ടിരിക്കുക എന്നതാണ്."



### ഭാവി

സെദാം റോഡിനടുത്ത് ആശ്രമത്തിനായി 34 ഏക്കർ സ്ഥലംകൂടി വാങ്ങിയിട്ടുണ്ട്. ഇതിൽ 12 ഏക്കർ മിഷനുവേണ്ടിയും ബാക്കി അഭ്യാസികൾക്ക് താമസ സൗകര്യമൊരുക്കാനുമായാണ് ഉദ്ദേശിക്കുന്നത്. "ബാബുജി സ്മാരക ആശ്രമം, ഗുൽബർഗ" എന്നാണ് മാസ്റ്റർ പുതിയ ആശ്രമത്തിന് പേരു നൽകിയിരിക്കുന്നത്. "യോഗ ജീവന എൻക്ലേവ്" എന്ന് കോളനിക്ക് അദ്ദേഹം പേരു നൽകി. വളർച്ചയുടെ അടുത്ത ഘട്ടത്തോടെ ഗുൽബർഗയുടെ ഭാവി ശോഭനമായിരിക്കും.

**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2011 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.